ഉത്തരം

(എ) ഉണ്ട്.

(ബി) വർഷം മുഴുവൻ കുറഞ്ഞ സ്ഥലത്ത് കൂടുതൽ വിളവ് തരുന്ന തീറ്റപുല്ലിന്റെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുക, പശുക്കളുടെ ആരോഗ്യവും പാലിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുക, ക്ഷീര കർഷകർ ശാസ്ത്രീയവും ചെലവ് കുറഞ്ഞതുമായ ഫീഡിംഗ് രീതി അവലംബിക്കുന്നത് നടപ്പാക്കുക, കന്നുകാലി വളർത്തലിന്റെ നിലനിൽപ്പും വിശ്വാസ്യതയും ഉയർത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) തീറ്റപ്പുൽകൃഷി വികസനത്തിനുള്ള വിവിധ പദ്ധതികൾ അടങ്ങിയ പ്രൊപ്പോസലിന് ഭരണാനുമതിയും ബഡ്ജറ്റിൽ ആയതിനുള്ള തുകയും അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം 14 ജില്ലകൾക്കും ടാർജറ്റുകൾ അനുവദിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിലൂടെ ദീർഘകാല/ഹ്രസ്വകാല തീറ്റപുല്ലിനങ്ങളുടെ നടീൽ വസ്തുക്കൾ സൗജന്യ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കിവരുന്നു. കൃഷിച്ചെലവിന് സബ്സിഡിയും നല്കിവരുന്നു. ക്ഷീരസംഘങ്ങൾ കേന്ദ്രീകരിച്ച് 'ഗോപാലിക' തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കുന്ന സംഘങ്ങളിലൂടെ പാലൊഴിക്കുന്ന കർഷകർക്ക് പുല്ല് വിൽക്കാനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

സംഗീത നാടക അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതി

39 (5386) ശ്രീ. വർക്കല കഹാർ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംഗീത നാടക അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കാഡമിയുടെ പരിധിയിൽ ഉൾപ്പെടുന്ന കലാ വിഭാഗങ്ങൾക്കും മതിയായ പരിരക്ഷണവും പ്രോത്സാഹനവും ഉറപ്പുവരുത്തുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) വിവിധ പരിപാടികൾക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ 4 കോടി 5 ലക്ഷം രൂപയും കലാകാരന്മാർക്കുള്ള മെഡിക്കൽ അപകട ഇൻഷ്വറൻസ് പദ്ധതിക്കായി 40 ലക്ഷം രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

40 (5387) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന വൈജ്ഞാനിക ഗ്രന്ഥങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിൽ അനാസ്ഥയുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ :

(ബി) സാംസ്കാരിക സ്ഥാപനങ്ങളുടെ പുസ്തകങ്ങൾ വില്പന നടത്തുന്നതിനു വേണ്ടി രൂപീകരിച്ചിട്ടുള്ള ബുക്ക് മാർക്കിന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ നൽകാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രന്ഥകർത്താക്കൾക്ക് റോയൽറ്റി നൽകുന്ന കാര്യത്തിൽ അനാസ്ഥ കാട്ടുന്നതുമൂലം പല ഗ്രന്ഥകർത്താക്കളും അവരുടെ രചനകൾ സ്വകാര്യ പ്രസാധകർക്ക് നൽകിവരുന്നതിനെകുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ പലതും 'അറിവ് നിറവ്' പരമ്പരയിൽ പ്രസിദ്ധീകരിക്കുന്നത് എന്തു മാനദണ്ഡത്തിലാണ് എന്നറിയിക്കുമോ?